## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1081** **30.11.2018-ൽ മറുപടിക്ക്**

# മിനിമം വേജസ്

**ചോദ്യം**

ശ്രീ.തോമസ് ചാണ്ടി :

പുനസംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി**

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

25.11.2016-ലെ സ.ഉ (സാ.ധാ) നം.187/2016/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുന:സംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡ് താഴെപ്പറയുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് മുൻ ബോർഡ് തുടക്കമിട്ട 12 മേഖലകളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് നല്കുകയും ആയതിൽ 11 മേഖലകളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'സ്വകാര്യ ആശുപത്രി' വ്യവസായബന്ധ സമിതിയുടെ ശിപാർശ പ്രകാരം സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതനവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.
2. 4.7.17-ലെ സ.ഉ.(പി) 65/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 27 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തെളിവെടുപ്പുകൾ നടത്തി ശിപാർശ സമർപ്പിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ 3 സബ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ 15 മേഖലകളിലെ മിനിമം വേതനം പുതുക്കുന്നതിനുള്ള ശിപാർശ മിനിമം വേതന ഉപദേശക

സമിതി സർക്കാരിന് ലഭ്യമാക്കുകയും ഇതിൽ 3 മേഖലകളിൽ അന്തിമ വിജ്ഞാപനവും 9 മേഖലകളിൽ പ്രാഥമിക വിജ്ഞാപനവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

3. കൂടാതെ 10.9.2018-ലെ സ.ഉ.(പി).80/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം 24 മേഖലകളിൽ കൂടി മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ സബ്കമ്മിറ്റികളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സബ്കമ്മിറ്റികളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തെളിവെടുപ്പ്/ ഹിയറിംഗ് നടത്തുന്നത് പുരോഗമിച്ച് വരുന്നു.

പുന:സംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശിപാർശ പ്രകാരം അന്തിമ വിജ്ഞാപനവും പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുള്ള മേഖലകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം

## പുന:സംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശിപാർശ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുളള മേഖലകൾ

| | | |
|---|---|---|
| 1. | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി | ജി.ഒ.(പി) നം.13/2017/തൊഴിൽ |
| 2 | ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി | ജി.ഒ.(പി) നം.33/2017/തൊഴിൽ |
| 3 | പേപ്പർ ഇൻഡസ്ട്രി | ജി.ഒ.(പി) നം.32/2017/തൊഴിൽ |
| 4 | ഓയിൽമിൽ | ജി.ഒ.(പി) നം.36/2017/തൊഴിൽ |
| 5 | മെഡിക്കൽഷോപ്പ് | ജി.ഒ.(പി) നം.45/2017/തൊഴിൽ |
| 6 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് | ജി.ഒ.(പി) നം.39/2017/തൊഴിൽ |
| 7 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി | ജി.ഒ.(പി) നം.37/2017/തൊഴിൽ |
| 8 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | ജി.ഒ.(പി) നം.44/2017/തൊഴിൽ |
| 9 | സെക്യൂരിറ്റി സർവ്വീസ് | ജി.ഒ.(പി) നം.38/2017/തൊഴിൽ |
| 10 | ഫുട് വെയർ മാനുഫാക്ചറിങ്ങ് | ജി.ഒ.(പി) നം.69/2017/തൊഴിൽ |
| 11 | ഓയിൽപാം | ജി.ഒ.(പി) നം.77/2017/തൊഴിൽ |
| 12 | പ്രൈവറ്റ്ഹോസ്പിറ്റൽസ് | ജി.ഒ.(പി) നം.33/2018/തൊഴിൽ |
| 13 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് | ജി.ഒ.(പി) നം.62/2018//തൊഴിൽ |
| 14 | ഖാദി ഇൻഡസ്ട്രീസ് | ജി.ഒ.(പി) നം.64/2018/തൊഴിൽ |
| 15 | ഹാന്റ്ലൂം ആന്റ് ഡെയ്‌ലി പീസ് റേറ്റഡ് എംപ്ലോയീസ് & ഹാന്റ്ലൂം ആന്റ് മന്ത്‌ലി പെയ്ഡ് എംപ്ലോയീസ് | ജി.ഒ.(പി) നം.67/2018//തൊഴിൽ |

## 2. പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുളള മേഖലകൾ

| | |
|---|---|
| 1 | ഫോറസ്റ്റ് |
| 2 | റബ്ബർ പ്രോഡക്റ്റ് ഇൻഡസ്ട്രീസ് |
| 3 | മൈനർ പോർട്ട് |
| 4 | ടോഡി ടാപ്പിംഗ്, ടോഡി വെൻഡിംഗ് |
| 5 | ഹാന്റിക്രാഫ്റ്റ് |
| 6 | സിനിമാ തീയറ്ററുകൾ |
| 7 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 8 | റിവർസാന്റ് കളക്ഷൻ & സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ബിൽഡിംഗ് ഓപ്പറേഷൻസ്, |
| 9 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |

സെക്ഷൻ ഓഫീസർ.